## ക്രമപ്രശ്നം

## തിരുവിതാംകൂർ ദേവസ്വംബോർഡിൽ ഹിന്ദു എം.എൽ.എ-മാരുടെ പ്രാതിനിധ്യം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ ഈ ക്രമപ്രശ്നം ഉന്നയിക്കുന്നത് ട്രാവൻകൂർ-കൊച്ചിൻ ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് അമെന്റ്മെന്റ്, 2012-ലെ ഓർഡിനൻസുപ്രകാരം വകുപ്പ് 10 (2) അനുസരിച്ച് 'of the three members specified in Sub section 1, two members shall be nominated by Hindus among the Council of Ministers and member belongs to Scheduled Caste and Scheduled Tribe shall be elected by the Hindus among the members of Legislative Assembly of the State of Kerala' ഈ വകുപ്പുപ്രകാരം ഹിന്ദു മന്ത്രിമാരുടെ കൂട്ടത്തിൽനിന്ന് അവർ തെരഞ്ഞെടുത്ത രണ്ടുപേർ തിരുവിതാംകൂർ ദേവസ്വംബോർഡിന്റെ ചുമതല ഏറ്റെടുത്തുകഴിഞ്ഞു. എം.എൽ.എ-മാർ തെരഞ്ഞെടുക്കേണ്ട എസ്.സി/ എസ്.റ്റി വിഭാഗത്തിൽപ്പെട്ട അംഗത്തിന്റെ തെരഞ്ഞെടുപ്പ് ഇതുവരെ നടത്തിയിട്ടില്ല. തിരുവിതാംകൂർ ദേവസ്വംബോർഡിൽ തിരുവിതാംകൂർ-കൊച്ചി രാജാക്കന്മാർ തിരുവിതാംകൂർ-കൊച്ചിൻ സംസ്ഥാന രൂപീകരണസമയത്ത് ദേവസ്വം സ്വത്തുക്കൾ കൈമാറ്റം ചെയ്തുകൊണ്ടുണ്ടാക്കിയ കവനന്റിൽ നിയമസഭാ സാമാജികർക്കിടയിൽനിന്ന് അവർ തെരഞ്ഞെടുക്കുന്ന ഒരാളെ

ഉൾപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അങ്ങ് കൈകാര്യം ചെയ്തിരുന്ന ഒരു വകുപ്പാണ്. ഈ കവനന്റിന്റെ അടിസ്ഥാന ത്തിൽ ഇന്ത്യൻ ഭരണഘടനയുടെ 7-ാം ഭേദഗതി ആക്ടിൽ 19-ാം വകുപ്പു പ്രകാരം ആർട്ടിക്കിൾ 290 (എ) ആയി ഭരണഘടനയിൽത്തന്നെ ഉൾപ്പെടു ത്തിയ ഒരു കാര്യമാണ്. ഈ ഓർഡിനൻസിലും നിയമസഭാംഗങ്ങൾക്കും ഒരംഗത്തെ തെരഞ്ഞെടുക്കാനുള്ള അധികാരം കൊടുത്തിട്ടുണ്ട്. ഇതു പ്രകാരം മന്ത്രിസഭ തീരുമാനമെടുത്ത് ഗവർണ്ണറെ അറിയിക്കണം. ഗവർണ്ണ റുടെ ഓഫീസിൽ നിന്നാണ് റിട്ടേണിംഗ് ഓഫീസറെ നിയമിച്ചുകൊണ്ട് ഉത്ത രവുണ്ടാകേണ്ടത്. മന്ത്രിസഭ ഇതുസംബന്ധിച്ച തീരുമാനം ഗവർണ്ണറെ അറി യിക്കാത്തതുകൊണ്ട് നിയമസഭാംഗങ്ങൾക്ക് ഒരാളെ തെരഞ്ഞെടുക്കാനുള്ള അവകാശം നഷ്ടപ്പെട്ടിരിക്കുകയാണ്. മൂന്നുനാല് മാസമായി ഈ സീറ്റ് ഒഴി ഞ്ഞുകിടക്കുകയാണ്. ഹിന്ദു എം.എൽ.എ-മാരിൽ ഭൂരിപക്ഷം പ്രതിപക്ഷ ത്തായതുകൊണ്ടുമാത്രമാണ് ഈ ഇലക്ഷൻ നടത്താത്തത്. ഹിന്ദു മന്ത്രി മാരുടെ ഇടയിൽ നിന്നുള്ള ഇലക്ഷൻ നടത്തുകയും ഹിന്ദു എം.എൽ.എ മാർക്കിടയിലുള്ള ഇലക്ഷൻ നടത്താതിരിക്കുകയും ചെയ്യുന്നത് പ്രതിപക്ഷം വിജയിക്കും എന്നുറപ്പുള്ളതുകൊണ്ടാണ്. ജനാധിപത്യപരമായി ഇവിടെ കാര്യങ്ങൾ നടത്താൻ ഈ ഗവൺമെന്റ് തയ്യാറല്ല എന്നതിന്റെ ഏറ്റവും വലിയ തെളിവാണിത്. പ്രതിപക്ഷത്തിന് ഒരു സീറ്റ് കിട്ടുന്നത് നഷ്ടപ്പെടു ത്താൻ ഈ ഗവൺമെന്റിന് എന്താണ് കാര്യം? ഇപ്പോൾ രണ്ട് അംഗങ്ങളെ വച്ചുകൊണ്ട് തിരുവിതാംകൂർ ദേവസ്വംബോർഡിന്റെ പ്രവർത്തനം നടന്നു

കൊണ്ടിരിക്കുകയാണ്. നിയമസഭയുടെ അവകാശമാണ് ലംഘിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ ഇടപെടണം. നിയമസഭാ മെമ്പർമാർക്കുള്ള അവകാശം നിഷേധിച്ച ഗൗരവതരമായ പ്രശ്നമാണിത്. ഭരണപക്ഷത്തുള്ള ഒരാൾ ജയിക്കുമായിരുന്നെങ്കിൽ ഈ സീറ്റ് വേക്കന്റായിട്ട് ഇടുമായിരുന്നോ? എത്രകാലം ഈ സീറ്റ് ഇങ്ങനെ വേക്കന്റായി ഇടാൻ കഴിയും? ഈ നിയമസഭ ഉള്ളിടത്തോളംകാലം ഹിന്ദു എം.എൽ.എ-മാരിൽ ഭൂരിപക്ഷം പ്രതിപക്ഷത്തിനുതന്നെയായിരിക്കും. അപ്പോൾ ഈ സഭയുടെ കാലാവധി കഴിയുന്നതുവരെ ഈ സീറ്റ് ഒഴിച്ചിടാനാണോ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്; മന്ത്രിസഭ തീരുമാനിച്ച് എന്തുകൊണ്ടാണ് ഈ വിഷയം ഗവർണ്ണറുടെ ഓഫീസിൽ അറിയിക്കാത്തത്? ഗവർണ്ണറുടെ ഓഫീസിൽ അറിയിച്ചാൽ ബഹു. ഗവർണ്ണർ ഉടൻ നടപടി സ്വീകരിക്കും. ഗവർണ്ണർക്ക് ഇതിൽ പ്രത്യേകിച്ച് കാര്യമൊന്നുമില്ല. ഇതില്ലാതാക്കാൻ ഒരു ഓർഡിനൻസ് പുറപ്പെടുവിക്കാൻ തീരുമാനിച്ചപ്പോൾ ബഹുമാനപ്പെട്ട ഗവർണ്ണർ ഇടപെട്ട് അങ്ങനെ ചെയ്യാൻ പാടില്ല എന്ന നിലപാടെടുത്തതോടുകൂടി ഗവൺമെന്റ് ഈ നിയമം കൊണ്ടുവരാൻ നിർബന്ധിതരായി. ഇപ്പോൾ ഉള്ള അവകാശംകൂടി നിഷേധിക്കുകയാണ്. അതുകൊണ്ട് ചെയർ ഇടപെട്ട് ഗവൺമെന്റിനോട് അടിയന്തരമായി ഈ പ്രശ്നത്തിൽ തീരുമാനമെടുത്ത് ഗവർണ്ണറുടെ ഓഫീസിൽ അറിയിച്ച് ഈ തെരഞ്ഞെടുപ്പ് ഉടനെ നടത്തണം. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽനിന്ന് ദേവസ്വംബോർഡിലേയ്ക്കുള്ള പ്രാതിനിധ്യമാണ് ഇല്ലാതാക്കിയിരിക്കുന്നത്. എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ട കേരളത്തിലെ 12 ശതമാനത്തോളം ജന

ങ്ങളെ വെല്ലുവിളിക്കുന്ന ഒരു സമീപനമാണ് ഗവൺമെന്റ് ചെയ്തിരിക്കുന്നത്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആൾക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡിൽ പ്രാതിനിധ്യമില്ല. ആ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനുവേണ്ടി ഈ ഇലക്ഷൻ അടിയന്തരമായി നടത്താനുള്ള നടപടി സ്വീകരിക്കണം. അതിന് ബഹുമാനപ്പെട്ട സ്പീക്കർ ഇടപെട്ട് മന്ത്രിസഭയ്ക്ക് നിർദ്ദേശം കൊടുക്കണമെന്നാണ് ഇനിക്ക് ഈ സന്ദർഭത്തിൽ ക്രമപ്രശ്നമായി ഉന്നയിക്കാനുള്ളത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് ഓർഡിനൻസ് പ്രകാരം മൂന്നംഗങ്ങൾ വീതമുള്ള തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളിൽ ഒരംഗത്തെ വീതം നിയമസഭയിലേയ്ക്ക് ഹിന്ദു അംഗങ്ങൾ തെരഞ്ഞെടുക്കേണ്ടതാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിലേയ്ക്ക് മന്ത്രിസഭയിലെ ഹിന്ദു അംഗങ്ങൾ നോമിനേറ്റ് ചെയ്യേണ്ട രണ്ടുപേരെ നിയമിച്ചുകഴിഞ്ഞു. അത് ഇവിടെ ചൂണ്ടിക്കാണിച്ചതാണ്. എം.എൽ.എ.-മാരുടെ പ്രതിനിധിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്. റിട്ടേണിംഗ് ഓഫീസറെ നിയമിക്കുന്നതിന് മൂന്ന് റിട്ടയേർഡ് ജില്ലാ ജഡ്ജിമാരുടെ പേരുകൾ ഈ ആഴ്ചതന്നെ ഗവർണ്ണർക്ക് സമർപ്പിക്കുന്നതാണ്. ഗവർണ്ണർ ഒരാളെ റിട്ടേണിംഗ് ഓഫീസറായി നിയമിച്ചുകഴിഞ്ഞാൽ താമസിയാതെ തന്നെ ഇലക്ഷൻ നടത്തുന്നതാണ്. അതോടൊപ്പംതന്നെ ഒരംഗത്തെ കൊച്ചി ദേവസ്വം ബോർഡിലേയ്ക്കും രണ്ടുപേരെ മലബാർ

ദേവസ്വം ബോർഡിലേയ്ക്കും തെരഞ്ഞെടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഈ മൂന്നു ബോർഡുകളിലേയ്ക്കും ഇലക്ഷൻ ഒരുമിച്ച് നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിനായി വളരെ പെട്ടെന്നുതന്നെ നടപടികൾ സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: അതിന്റെ ഷെഡ്യൂൾ എന്തെങ്കിലും ഫിക്സ് ചെയ്തിട്ടുണ്ടോ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഈ ആഴ്ച തന്നെ റിട്ടേണിംഗ് ഓഫീസർമാരുടെ പേരുകൾ ഗവർണ്ണർക്ക് സമർപ്പിക്കും. റിട്ടേണിംഗ് ഓഫീസർ വന്നാൽമാത്രമേ ഷെഡ്യൂളുകൾ ഫിക്സ് ചെയ്യാൻ പറ്റുകയുള്ളൂ. ഈ ആഴ്ചതന്നെ സമർപ്പിക്കുന്നതാണ്.

## കേരള ഗ്രാന്റ്സ് ആന്റ് ലീസസ് (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) ഭേദഗതി ബിൽ, 1999 പിൻവലിക്കുന്നതിനുള്ള പ്രമേയം

### ക്രമപ്രശ്നം

#### ചട്ടവിരുദ്ധമായി ബിൽ പിൻവലിക്കുന്നത് സംബന്ധിച്ച്

ശ്രീ. എ. കെ. ബാലൻ: സർ, ഭരണഘടന 201 ആർട്ടിക്കിൾ പ്രകാരമാണ് ബഹുമാനപ്പെട്ട ഗവർണ്ണർ, സഭ മുമ്പ് പാസ്സാക്കിയ ഈ ബിൽ പിൻവലിക്കാൻ വേണ്ടി തിരിച്ചയച്ചത്. അതിനുള്ള കാരണം, ഈ ഭേദഗതി ബില്ലിൽ വ്യവസ്ഥ ചെയ്ത കാര്യം മുമ്പുതന്നെ ഇവിടെ പ്രാബല്യത്തിൽ വന്നുകഴിഞ്ഞുവെന്നുള്ളതാണ് ബഹുമാനപ്പെട്ട പ്രസിഡന്റിന്റെ ഒബ്സർവേ

ഷൻ. The Kerala Grants and Leases (Modification of Rights) Amendment Bill, 1999 with effect from 25th November 2009. മുമ്പ് നിയമസഭ പാസ്സാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനയച്ച ബിൽ പിൻവലിക്കുന്നതിനുള്ള പ്രമേയം ചട്ടം 99 പ്രകാരമാണ് മന്ത്രി അവതരിപ്പിക്കേണ്ടത്. ചട്ടം 94 പ്രകാരമല്ല. ഗവർണ്ണർ മടക്കി അയച്ച ബിൽ സഭ പുന:പരിശോധിക്കണമെങ്കിൽ മന്ത്രി പിൻവലിക്കുന്നതിനുള്ള പ്രമേയം അവതരിപ്പിക്കുന്നത് ഈ രൂപത്തിൽ ചട്ടവിരുദ്ധമാണ്. 94 പ്രകാരം ഒരു ബിൽ ഏതെങ്കിലും സ്റ്റേജിലെത്തുന്ന സമയത്ത് മാത്രമേ 94 ചട്ടം റിവോക്ക് ചെയ്യാൻ പറ്റുകയുള്ളൂ. “the member-in-charge of a Bill may at any stage of the Bill move for leave to withdraw the Bill on the ground that” എന്ന് പറയുന്നുണ്ട്. പാസ്സാക്കി പ്രസിഡന്റിന്റെ അപ്രൂവലിന് അയച്ച ബിൽ വിത്ഡ്രോ ചെയ്യാൻ ചട്ടം 94 ഒരിക്കലും ഇൻവോക്ക് ചെയ്യാൻ പറ്റില്ല. 99 പ്രകാരം മാത്രമേ എടുക്കാൻ പറ്റുകയുള്ളൂ. കഴിഞ്ഞ നിയമസഭാ സമ്മേളനകാലത്തും ചട്ടവിരുദ്ധമായി ഈ രൂപത്തിൽ കൊണ്ടുവന്നിരുന്നു. അത് ഞാൻ ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ചട്ടവിരുദ്ധമായി ഒരു രൂപത്തിലും ബഹുമാനപ്പെട്ട മന്ത്രി ഈ പ്രമേയം അവതരിപ്പിക്കാൻ പാടില്ല. 99 പ്രകാരമേ അവതരിപ്പിക്കാൻ പാടുള്ളൂ.

മി. സ്പീക്കർ: അങ്ങ് നോട്ടീസ് നൽകിയിരിക്കുന്നത് 101 പ്രകാരമാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): സർ, ചട്ടങ്ങളിൽ വിത്ഡ്രോ എന്ന് പറയുന്ന ഭാഗം 94 ആണ്. മന്ത്രി അതനുസരിച്ചാണ് മൂവ് ചെയ്തിരിക്കുന്നത്. ശ്രീ. എ.കെ. ബാലനാണ് മിസ് ലീഡ് ചെയ്തത്.

ശ്രീ. എ.കെ. ബാലൻ: "when a Bill passed by the Assembly is returned by the Governor....." എന്ന് പറഞ്ഞാണ് പറയുന്നത്. അത് വായിച്ച് നോക്കൂ.

മി. സ്പീക്കർ: "NOW THEREFORE, I, H.R. Bhardwaj, Governor of Kerala do hereby return the Bill to the Legislative Assembly in pursuance of the proviso to article 201 of the Constitution of India with the message to withdraw the Bill by the Legislative Assembly." 'withdraw' എന്നാണ്, അങ്ങ് പറഞ്ഞതല്ല.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഗവർണ്ണർ മോഡിഫിക്കേഷൻ വേണമെന്ന് പറഞ്ഞ് തിരിച്ചയക്കുന്നതിനാണ് പുന:പരിശോധന പ്രമേയം ആവശ്യമുള്ളത്. ഇവിടെ അങ്ങനെയല്ല. ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതുപോലെ 'to withdraw the bill' എന്നാണ് ഗവർണ്ണർ അയച്ചിരിക്കുന്ന മെസേജ്. അതിനൊരു

പുന:പരിശോധന ആവശ്യമില്ല. മന്ത്രി അത് ഡ്രോപ് ചെയ്യാൻ വേണ്ടിയുള്ള പ്രമേയം അവതിരിപ്പിക്കണം.

ശ്രീ. കെ. ശിവദാസൻ നായർ: സർ, 99-ൽ പറയുന്നത് "when a Bill passed by the Assembly is returned by the Governor with a message requesting that the Assembly should reconsider the Bill or any specified provisions......" This is to withdraw, 99 യാതൊരു കാരണവശാലും ഇവിടെ അട്രാക്റ്റ് ചെയ്യുന്നില്ല. 94 മാത്രമേ അട്രാക്റ്റ് ചെയ്യുന്നൂവെന്നുള്ളത് വളരെ ക്ലിയറാണ്.

ശ്രീ. എ.കെ. ബാലൻ: സർ, പാസ്സാക്കിയ ബിൽ എന്നല്ല, സഭയുടെ മുമ്പിലുള്ള ബിൽ എന്ന് പറയുന്നുണ്ട്.

ശ്രീ. കെ. ശിവദാസൻ നായർ: ഒരു ബിൽ ഗവർണ്ണറുടെ അസന്റ് കിട്ടിയതിനുശേഷം മാത്രമേ നിയമമാകുന്നുള്ളൂ. അതുവരെ പല സ്റ്റേജിലാണ്. ആ സ്റ്റേജ് കടന്നിട്ടില്ല. അതുകൊണ്ട് ബിൽ ആ സ്റ്റേജിലാണ്. so the Legislative Assembly can withdraw that.

**റൂളിംഗ്**

മി. സ്പീക്കർ : നിയമസഭ പാസ്സാക്കിയതും രാഷ്ട്രപതിയുടെ നിർദ്ദേശാനുസരണം ഗവർണ്ണർ തിരിച്ചയച്ചതുമായ "The Kerala Grants and Leases (Modification of Rights) Amendment Bill, 1999" പിൻവലിക്കുന്നതിനുള്ള അനുവാദത്തിനുള്ള പ്രമേയം വനവും സ്പോർട്സും സിനിമയും വകുപ്പു

മന്ത്രി അവതരിപ്പിക്കുന്നതിനെയാണ് ശ്രീ. എ.കെ. ബാലൻ എതിർത്തത്. രാഷ്ട്രപതി നിർദ്ദേശിച്ചതനുസരിച്ച് ഭരണഘടനയുടെ 201-ാം ആർട്ടിക്കിൾ പ്രകാരം ഗവർണ്ണർ ബിൽ തിരിച്ചയച്ചപ്പോൾ നൽകിയ സന്ദേശം ഫെബ്രുവരി മാസം 4-ാം തീയതി ചെയർ സഭയെ അറിയിച്ചിരുന്നു. പ്രസ്തുത സന്ദേശത്തിൽ കാണിച്ചിട്ടുള്ള കാരണങ്ങളാൽ ബിൽ നിയമസഭ പിൻവലിക്കണമെന്നാണ് ഗവർണ്ണർ ആവശ്യപ്പെട്ടിട്ടുള്ളത്. ബിൽ പുന:പരിശോധിക്കണമെന്ന ആവശ്യം ഗവർണ്ണറുടെ സന്ദേശത്തിലില്ലാത്തതിനാൽ ബിൽ പുന:പരിഗണിച്ചതിനുശേഷം മാത്രമേ പിൻവലിക്കാനുള്ള അനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കാവൂ എന്ന ക്രമപ്രശ്നം നിലനിൽക്കുന്നതല്ല. ബിൽ പിൻവലിക്കുന്നതിനുള്ള അനുമതിയ്ക്ക് വേണ്ടിയുള്ള പ്രമേയം എതിർക്കപ്പെടുകയാണെങ്കിൽ നിയമസഭാ ചട്ടം 95 പ്രകാരം പ്രമേയം അവതരിപ്പിക്കുന്ന അംഗത്തിനും അത് എതിർക്കുന്ന അംഗത്തിനും സംക്ഷിപ്ത വിശദീകരണ പ്രസ്താവന നടത്താനുള്ള അവകാശമുണ്ടായിരുന്നു. എന്നാൽ അതുസംബന്ധിച്ച നോട്ടീസ് ചട്ടം 95 പ്രകാരം നൽകിയിരുന്നു എങ്കിൽ ശ്രീ.കെ. ബാലന് അതിനുള്ള അവസരം ലഭിക്കുമായിരുന്നു. ഏതായാലും യഥാർത്ഥത്തിൽ ഇത് വിശദീകരിക്കുന്നതിനുള്ള അവസരംപോലും ഇവിടെ ചട്ടം അനുവദിക്കുന്നില്ല. പക്ഷേ അദ്ദേഹം ഈ കാര്യം മൂവ് ചെയ്തതുകൊണ്ടാണ് ശ്രീ. എ.കെ. ബാലനെ സംസാരിക്കാൻ അനുവദിച്ചത്. ശ്രീ. എ.കെ. ബാലൻ ഉന്നയിച്ച തടസ്സം ഒരുതരത്തിലും നിലനിൽക്കുന്നതല്ല. അത് ചെയർ നേരത്തെ പറഞ്ഞതാണ്.

1999-ലെ കേരള ഗ്രാന്റ്സ് ആന്റ് ലീസസ് (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) ഭേദഗതി ബിൽ പിൻവലിക്കുന്നത് സംബന്ധിച്ച അനുമതിക്കുവേണ്ടിയുള്ള പ്രമേയം വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രിക്ക് അവതരിപ്പിക്കാവുന്നതാണ്.

**<u>കേരള ഗ്രാന്റ്സ് ആന്റ് ലീസസ് (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) ഭേദഗതി ബിൽ, 1999 പിൻവലിക്കുന്നതിനുള്ള പ്രമേയം</u>**

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>) സർ, ഇതിൽ ആക്ടിന്റെ ഭേദഗതി വേണ്ട. റൂൾ മാറ്റിയാൽ മതിയെന്നുള്ളതാണ് ഇത് പിൻവലിക്കാൻ നിർദ്ദേശിച്ചിരിക്കുന്നത്. അല്ലാതെ ഇത് പുന:പരിശോധിക്കുകയോ ആൾട്ടർ ചെയ്യുകയോ അല്ല.

"ഒരു ബിൽ പിൻവലിക്കുന്നതിനുള്ള നടപടിക്രമം ക്രമീകരിക്കുന്ന കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 94-ാം ചട്ട പ്രകാരം 07.12.2012-ലെ സന്ദേശത്തോടുകൂടി പരിഗണനയ്ക്കായി രാഷ്ട്രപതി നിർദ്ദേശിച്ചപ്രകാരം ഗവർണ്ണർ മടക്കി അയച്ച "1999-ലെ കേരള ഗ്രാന്റ്സ് ആന്റ് ലീസസ് (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) ഭേദഗതി ബിൽ" 07-12-2012-ലെ ഗവർണ്ണറുടെ സന്ദേശത്തിൽ അറിയിച്ച രാഷ്ട്രപതിയുടെ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ, പ്രസ്തുത

ചട്ടത്തിന്റെ (എ) ഖണ്ഡപ്രകാരം ഈ സഭയ്ക്ക് പിൻവലിക്കാവുന്നതാണെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.''

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഭരണഘടനയുടെ 201-ാം അനുച്ഛേദ പ്രകാരം രാഷ്ട്രപതിയുടെ നിർദ്ദേശാനുസരണം ഗവർണ്ണർ തിരിച്ചയച്ച "The Kerala Grants and Leases (Modification of Rights) Amendment Bill, 1999" പിൻവലിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ...................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പിൻവലിച്ചിരിക്കുന്നു.